# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 407 — 27.02.2018 ലെ മറുപടിയ്ക്ക്

## മലപ്പുറം ജില്ലാ ട്രഷറി

**ചോദ്യം** — **ഉത്തരം**

ശ്രീ.പി.ഉബൈദുള്ള

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലാ ട്രഷറിയോടനുബന്ധിച്ച് ഒരു പെൻഷൻ ട്രഷറി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; | | പരിഗണനയിലില്ല |
| (ബി) | പ്രസ്തുത ജില്ലാ ട്രഷറിയിലെ ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർ സംവിധാനങ്ങളും കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | ഉണ്ട്, സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും 1:1 അനുപാതത്തിൽ ഓപ്പറേറ്റിംഗ് ജീവനക്കാർക്ക് കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞതും കേടായതുമായ യു.പി.എസ് ബാറ്ററികൾ മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ട്രഷറികളിലെ കേടായ 46 മോണിറ്ററുകൾക്ക് പകരം പുതിയത് വാങ്ങുന്നതിന് വേണ്ടിയുള്ള സപ്ലൈ ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ജില്ലാ ട്രഷറിയുടെ കീഴിൽ കൂടുതൽ ഓഫീസുകൾ വരുന്നതിനാൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല |

അക്കൗണ്ട്സ് ഓഫീസർ